# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3138

23-03-2015 ൽ മറുപടിയ്ക്ക്

നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. പി.കെ.ബഷീർ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ / പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെൽ കൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യ സുരക്ഷാപദ്ധതി, സുസ്ഥിര നെൽകൃഷി വികസനം, മാക്രോമാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷിവികസന പദ്ധതി, രാഷ്ട്രീയകൃഷി വികാസ് യോജന പദ്ധതി, രജിസ്റ്റേഡ് വിത്തുൽപ്പാദന പദ്ധതി, നെല്ല് സംഭരണം, ചെറുകിട യന്ത്രവൽക്കരണത്തിനുള്ള പദ്ധതി, നെൽകൃഷിക്കുള്ള ഉൽപ്പാദനബോണസ്, കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി സംസ്ഥാന ഭക്ഷ്യസുരക്ഷ പദ്ധതി പ്രകാരം കരനെൽകൃഷി, വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി, പൊതുഞാറ്റടി, വടക്കാഞ്ചേരി മോഡൽ പദ്ധതി, സുഗന്ധ നെല്ലിന വികസന പദ്ധതി, കാർഷിക യന്ത്രവൽക്കരണം, എന്നിവയും, സുസ്ഥിര നെൽകൃഷി വികസന പദ്ധതിപ്രകാരം ഗ്രൂപ്പ് ഫാമിംഗ്, തരിശു നിലകൃഷി, നെൽകൃഷിയ്ക്ക് ശേഷമുള്ള മറ്റു കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും മാക്രോമാനേജ്മെന്റ് പദ്ധതി

പ്രകാരം ഒറ്റഞാർ കൃഷി ഡെമോൺസ്റ്റേഷൻ, ഉൽപ്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണവും നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള മിനി കിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷിപ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുകയുണ്ടായി. കർഷകർക്ക് പൂരക വരുമാന സ്രോതസുകൾ പ്രോത്സാഹിപ്പിക്കുവാൻ സഹായം നൽകുന്ന പദ്ധതി, നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽ വികസന ഏജൻസികൾക്ക് ഉള്ള ധനസഹായം, ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസനം, പ്രത്യേക നെല്ലിനങ്ങൾക്കുള്ള വികസനം, പാടശേഖരസമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും എന്നീ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതികളിലൂടെ നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ നെല്ലുൽപ്പാദനം എത്ര ശതമാനമാണ് വർദ്ധിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2010-2011 ൽ ഉൽപ്പാദനം 522740 മെട്രിക് ടൺ ആയിരുന്നത് 2011-2012 വർഷം 568993 മെട്രിക് ടൺ ആയി ഉയർന്നു. ആയതിനാൽ 2011-2012 വർഷം മുൻ വർഷത്തേക്കാൾ 46253 മെട്രിക് ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട് (8.848% വർദ്ധനവ്)<br>2012-2013 ൽ ഉൽപ്പാദനം 508299 മെട്രിക് ടൺ ആയിരുന്നത് 2013-2014 ൽ 564325 മെട്രിക് ടൺ ആയി വർദ്ധിക്കുകയുണ്ടായി. ആയതിനാൽ 2013-2014 വർഷം മുൻ വർഷത്തേക്കാൾ 56026 മെട്രിക് ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. (11.02% വർദ്ധനവ്). |

(സി) ഉപയോഗ ശൂന്യമായി കിടക്കുന്ന വയലുകൾ കൃഷി യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) 2011-2012 വർഷം 14 ജില്ലകളിലുമായി ആകെ3407 ഹെക്ടർ സ്ഥലത്ത് തരിശ്ശുനില നെൽകൃഷി നടപ്പിലാക്കാൻ സാധിച്ചു. ആയതിനാൽ 246.37 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. 2012-2013 വർഷം ആകെ 1373.4 ഹെക്ടർ തരിശ്ശ നിലം 321.27 ലക്ഷം രൂപ ചെലവഴിച്ച് കൃഷിയോഗ്യമാക്കുക യുണ്ടായി. 2013-2014 വർഷം തരിശ്ശുനില നെൽകൃഷി 1903.95 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുക യുണ്ടായി. 2014-2015 വർഷം 1805.802 ഹെക്ടർ സ്ഥലത്ത് തരിശ്ശുനില നെൽ കൃഷി നടപ്പിലാക്കി വരുന്നു.

(ഡി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പുതിയ പദ്ധതികളൊന്നും തൽക്കാലം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ